2024
FEBRUARY
15
THURSDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ

OJUSET capsules
ഓജസെറ്റ് ക്യാപ്സൂൾ
SINCE 1995

# വെല്ലുവിളികൾ നേരിടാൻ രാജ്യങ്ങൾ ഒന്നിക്കണം

**ദുബായ്:** ലാകത്തിന്റെ പരസ്പര ബന്ധിതമായ സ്വഭാവം കണക്കിലെടുത്ത് ഭാവിയിലെ വെല്ലുവിളികളെ നേരിടാൻ സർക്കാരുകൾ പരസ്പരം സഹകരിക്കുകയും പഠിക്കുകയും ചെയ്യണമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. ദുബായിൽ നടന്ന ലോക ഗവൺമെന്റ് ഉച്ചകോടിയിൽ മുഖ്യാതിഥിയായി പങ്കെടുത്ത് 'ഭാവി ഗവൺമെന്റുകളെ രൂപപ്പെടുത്തുക' എന്ന വിഷയത്തിൽ മുഖ്യപ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം.ഭരണം എല്ലാവരേയും ഉൾക്കൊള്ളുന്നതും, സാങ്കേതികമായി മികച്ചതും, വ്യത്തിയും സുതാര്യവും, ഹരിതവും ആയിരിക്കേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണ്യഈ പശ്ചാത്തലത്തിൽ, പൊതുസേവനത്തോടുള്ള അവരുടെ സമീപനത്തിൽ ഗവൺമെന്റുകൾ മുൻഗണന നൽകേണ്ടതുണ്ടെന്നും അദ്ദേഹം പറഞ്ഞു. കാലാവസ്ഥാ വ്യതിയാന പ്രവർത്തനങ്ങളോടുള്ള ഇന്ത്യയുടെ ഉറച്ച പ്രതിബദ്ധതയെക്കുറിച്ച് വിശദീകരിച്ച അദ്ദേഹം, സുസ്ഥിരമായ ഒരു ലോകം സൃഷ്ടിക്കാൻ മിഷൻ ലൈഫിൽ (പരിസ്ഥിതിക്കുള്ള ജീവിതശൈലി) ചേരാൻ ആളുകൾ തയ്യാറാകണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.ഭരണത്തിന്റെ മാറുന്ന സ്വഭാവത്തെക്കുറിച്ചുള്ള തന്റെ ചിന്തകൾ പ്രധാനമന്ത്രി പ്രസംഗത്തിൽ പങ്കുവെച്ചു. 'പരിമിത ഗവൺമെന്റ്, പരമാവധി ഭരണനിർവഹണം' എന്ന മന്ത്രത്തിൽ അധിഷ്ഠിതമായ ഇന്ത്യയുടെ പരിവർത്തന പരിഷ്‌കാരങ്ങൾ അദ്ദേഹം എടുത്തുപറഞ്ഞു. ഡിജിറ്റൽ സാങ്കേതികവിദ്യയെ കൂടുതൽ ക്ഷേമത്തിനും ഉൾച്ചേർക്കലിനും സുസ്ഥിരതയ്ക്കുമായി രാജ്യം എങ്ങനെ പ്രയോജനപ്പെടുത്തി എന്നതിനെക്കുറിച്ചുള്ള ഇന്ത്യൻ അനുഭവവും പ്രധാനമന്ത്രി പങ്കുവെച്ചു. എല്ലാവരെയും ഉൾക്കൊള്ളുന്ന ഒരു സമൂഹം കൈവരിക്കുന്നതിന് ജനങ്ങളുടെ പങ്കാളിത്തം, അവസാനയിടം വരെയെത്തിക്കുന്ന രീതി, സ്ത്രീകൾ നയിക്കുന്ന വികസനം എന്നിവയിൽ ഇന്ത്യയുടെ ശ്രദ്ധയും അദ്ദേഹം വ്യക്തമാക്കി. ലോകം അഭിമുഖീകരിക്കുന്ന വൈവിധ്യമാർന്ന പ്രശ്നങ്ങളെക്കുറിച്ചും വെല്ലുവിളികളെക്കുറിച്ചും കഴിഞ്ഞ വർഷം ജി20 അധ്യക്ഷതയിൽ ഇന്ത്യ വഹിച്ച നേതൃത്വപരമായ പങ്കിനെക്കുറിച്ച് പ്രധാനമന്ത്രി വിശദീകരിച്ചു. ഈ സാഹചര്യത്തിൽ, ഗ്ലോബൽ സൗത്ത് അഭിമുഖീകരിക്കുന്ന വികസന ആശങ്കകൾ ആഗോള വ്യവഹാരത്തിന്റെ കേന്ദ്ര ഘട്ടത്തിലേക്ക് കൊണ്ടുവരാൻ ഇന്ത്യ നടത്തുന്ന ശ്രമങ്ങളെക്കുറിച്ച് അദ്ദേഹം എടുത്തുപറഞ്ഞു.ഗ്ലോബൽ സൗത്തിന് വേണ്ടി തീരുമാനമെടുക്കുന്ന കാര്യത്തിൽ കൂടുതൽ ശബ്ദം ഉയർത്തണമെന്നും 'വിശ്വബന്ധു' എന്ന നിലയിൽ ഇന്ത്യ ആഗോള പുരോഗതിക്ക് സംഭാവന നൽകുന്നത് തുടരുമെന്നും പ്രധാനമന്ത്രി വ്യക്തമാക്കി.ഇത്തവണത്തെ ഉച്ചകോടിയിൽ 10 പ്രസിഡന്റുമാരും 10 പ്രധാനമന്ത്രിമാരും ഉൾപ്പടെ 20 ലോക നേതാക്കൾ പങ്കെടുത്തു. 120ലധികം രാജ്യങ്ങളിൽ നിന്നുള്ള ഗവൺമെന്റ് പ്രതിനിധികളും ആഗോള സമ്മേളനത്തിൽ പങ്കെടുത്തു.



## എറണാകുളത്ത് സൂര്യാഘാത മുന്നറിയിപ്പ്

**കൊച്ചി:** എറണാകുളം ജില്ലയിൽ ഇപ്പോൾ അന്തരീക്ഷ താപം സാധാരണയിൽ കൂടുതലായി അനുഭവപ്പെടുന്നതിനാൽ സൂര്യാഘാതം ഉൾപ്പെടെയുള്ള ആരോഗ്യപ്രശ്നങ്ങൾ ഉണ്ടാകാതിരിക്കാൻ ജാഗ്രത വേണമെന്ന് ആരോഗ്യവകുപ്പ്.അന്തരീക്ഷതാപം ഒരു പരിധിക്കപ്പുറം ഉയർന്നാൽ മനുഷ്യ ശരീരത്തിലെ താപ നിയന്ത്രണ സംവിധാനങ്ങൾ തകരാറിലാകും. വളരെ ഉയർന്ന ശരീരതാപം, വറ്റിവരണ്ട ചുവന്ന ചൂടായ ശരീരം, ശക്തമായ തലവേദന, തലകറക്കം, മന്ദഗതിയിലുള്ള നാഡിമിടിപ്പ്, മാനസികാവസ്ഥയിലുള്ള മാറ്റങ്ങൾ തുടങ്ങിയവയും ഇതേ തുടർന്നുള്ള അബോധാവസ്ഥയും ഉണ്ടായേക്കാം. ഇങ്ങനെ ഉണ്ടായാൽ ഉടൻ തന്നെ ഡോക്ടറുടെ സേവനം തേടേണ്ടതാണെന്ന് ആരോഗ്യവകുപ്പ് അധികൃതർ അറിയിച്ചു.സൂര്യാഘാതത്തെക്കാൾ കുറച്ചു കൂടി കാഠിന്യം കുറഞ്ഞ അവസ്ഥയാണ് സൂര്യതാപമേറ്റുള്ള താപ ശരീര ശോഷണം. ക്ഷീണം, തലകറക്കം, തലവേദന, പേശിവലിവ്, ഓക്കാനവും ഛർദിയും, അസാധാരണമായ വിയർപ്പ്, കഠിനമായ ദാഹം, മൂത്രത്തിന്റെ അളവ് തീരെ കുറയുകയും കടും മഞ്ഞ നിറമാകുകയും ചെയ്യുക, ബോധക്ഷയം എന്നിവയാണ് സൂര്യതാപത്തിന്റെ ലക്ഷണങ്ങൾ. കൂടുതൽ സമയം വെയിലത്ത് ജോലി ചെയ്യുന്നവരിൽ നേരിട്ട് വെയിൽ ഏൽക്കുന്ന ശരീര ഭാഗങ്ങൾ സൂര്യതാപമേറ്റ് ചുവന്ന് തടിക്കുകയും വേദനയും പൊള്ളലും ഉണ്ടാകുകയും ചെയ്യാം. ഇവർ ഡോക്ടറെ കണ്ട് ഉടനടി ചികിത്സ തേടേണ്ടതാണ്. മെച്ചപ്പെട്ടില്ലെങ്കിൽ അടുത്തുള്ള ആശുപത്രിയിൽ ചികിത്സ തേടേണ്ടതുമാണ്.

## ഗ്രീൻ ഹൈഡ്രജൻ ഉൽപ്പാദനം: ലോകത്തിലെ ആദ്യ വിമാനത്താവളമാവാൻ സിയാൽ

**കൊച്ചി:** പൂർണമായും സൗരോർജ്ജത്തിൽ പ്രവർത്തിക്കുന്ന ലോകത്തെ ആദ്യത്തെ വിമാനത്താവളമായ കൊച്ചി അന്താരാഷ്ട്ര വിമാനത്താവള ലിമിറ്റഡ് (സിയാൽ), ഹരിതോർജ പദ്ധതികൾ വിപുലീകരിക്കുന്നു. ലോകത്തിൽ ആദ്യമായി, ഒരു വിമാനത്താവളത്തിൽ, ഗ്രീൻ ഹൈഡ്രജൻ പ്ലാന്റ് സ്ഥാപിക്കുന്നതിനായി സിയാൽ ഭാരത് പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡുമായി (ബി.പി.സി.എൽ) ധാരണാ പത്രം ഒപ്പുവച്ചു. ബി. പി. സി. എല്ലിന്റെ സാങ്കേതിക പിന്തുണയോടെ, കൊച്ചി വിമാനത്താവള പരിസരത്താണ് ഗ്രീൻ ഹൈഡ്രജൻ പ്ലാന്റ് സ്ഥാപിക്കുന്നത്. പുനരുപയോഗയോഗ്യമായ സ്രോതസ്സുകളിൽ നിന്ന് ലഭിക്കുന്ന ഊർജമുപയോഗിച്ച് ഉൽപ്പാദിപ്പിക്കുന്നതാണ് ഗ്രീൻ ഹൈഡ്രജൻ. സിയാലിന്റെ സൗരോർജ പ്ലാന്റുകളിൽ നിന്നുള്ള വൈദ്യുതോർജം ഉപയോഗിച്ച് ഭാവിയുടെ ഇന്ധന'മായ ഗ്രീൻ ഹൈഡ്രജനാണ് ബി.പി.സി.എല്ലിന്റെ സാങ്കേതിക സഹായത്തോടെ ഉത്പാദിപ്പിക്കുന്നത്. കാർബൺ വിമുക്ത (സീറോ കാർബൺ) സ്ഥാപ



നമായ സിയാലിന്റെ ഊർജോദ്പാദന സംരംഭങ്ങൾക്ക് ഇത് കരുത്ത് പകരും.തിരുവനന്തപുരം നിയമസഭാ മന്ദിരത്തിൽ നടന്ന ചടങ്ങിൽ മുഖ്യമന്ത്രി പിണറായി വിജയന്റെ സാന്നിധ്യത്തിൽ കരാർ കൈമാറി. കരാർ പ്രകാരം ബി.പി.സി.എൽ പ്ലാന്റ് സ്ഥാപിക്കുകയും, വേണ്ട സാങ്കേതികസഹായം ലഭ്യമാക്കുകയും ചെയ്യും. വൈദ്യുതിയും വെള്ളവും മറ്റ് അടിസ്ഥാന സൗകര്യങ്ങളും സിയാൽ ലഭ്യമാക്കും. 2025 ന്റെ തുടക്കത്തിൽ പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്ന പ്ലാന്റിൽ നിന്ന് ലഭിക്കുന്ന ഇന്ധനം വിമാനത്താവള ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്ന വാഹനങ്ങളിൽ ഉപയുക്തമാക്കും. ഇതിനായി പ്രത്യേക സജ്ജീകരണങ്ങളുള്ള വാഹനങ്ങൾ വാങ്ങും.ഈ പദ്ധതി സിയാലിന്റെ ഹരിതോർജ പ്രവർത്തനങ്ങൾക്ക് മുതൽക്കൂട്ടാകുമെന്ന് പ്രതീക്ഷിക്കുന്നു. 50 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള സോളാർ ഹൈഡ്രോ പദ്ധതികളിലൂടെ 2 ലക്ഷം യൂണിറ്റ് വൈദ്യുതി, സിയാൽ ദിവസേന ഉൽപ്പാദിപ്പിക്കുന്നുണ്ട്. ഇതുകൂടാതെയാണ് 1000 കിലോവാട്ട് സ്ഥാപിതശേഷിയുള്ള ഗ്രീൻ ഹൈഡ്രജൻ പ്ലാന്റ് സിയാൽ സ്ഥാപിക്കുന്നത്.



# ടിഡാക്ക്:മത്സര വിജയികളെ ഇന്ന് പ്രഖ്യാപിക്കും

**കൊച്ചി:** ടയർ ഡീലേഴ്സ് ആൻറ് അലൈൻമെൻറ് അസോസിയേഷൻ കേരള (ടിഡാക്ക്) പൊതുജനങ്ങൾക്കായി സംഘടിപ്പിച്ച മത്സരത്തിൽ നിന്ന് തെരഞ്ഞെടുക്കപ്പെട്ട വിജയികളെ ഇന്ന് കൊച്ചിയിൽ പ്രഖ്യാപിക്കുമെന്ന് അസോസിയേഷൻ ഭാരവാഹികൾ എറണാകുളം പ്രസ് ക്ലബിൽ നടത്തിയ വാർത്താസമ്മേളനത്തിൽ അറിയിച്ചു. എറണാകുളം നോർത്തിലെ കോറൽ ഐൽ ഹോട്ടലിൽ രാവിലെ 11 മണിക്കാണ് പരിപാടി.

വിജയികൾക്ക് നാല് സിഫ്റ്റ് കാറുകളും, 14 സ്കൂട്ടറുകളുമാണ് സമ്മാനമായി നൽകുന്നത്. സംസ്ഥാനത്തെ അസോസിയേഷൻ അംഗങ്ങളുടെ പ്രതിനിധികളായി എത്തുന്ന ജില്ലാ ഭാരവാഹികളുടെ സാന്നിധ്യത്തിൽ പൊതുജനങ്ങൾക്കായി ലൈവ് ടെലികാസ്റ്റിംഗ് സൗകര്യം ഒരുക്കിയാണ് വിജയികളെ പ്രഖ്യാപിക്കുകയെന്ന് അസോസിയേഷൻ സംസ്ഥാന പ്രസിഡൻറ് അസി തോമസ്, ജനറൽ സെക്രട്ടറി ഹരികൃഷ്ണൻ കാപ്പിള്ളിൽ എന്നിവർ പറഞ്ഞു. കേരളത്തിലെ എല്ലാ ജില്ലകളിലും പ്രവർത്തിച്ചുവരുന്ന അംഗങ്ങളുടെ ഷോപ്പിൽ നിന്നും വീൽ അലൈൻമെൻറ് ചെയ്യുമ്പോഴും ടയർ മാറ്റിവെയ്ക്കുമ്പോഴും കസ്റ്റമേഴ്സിന് നൽകുന്ന സൗജന്യ കൂപ്പണിൽ നിന്നാണ് നറുക്കെടുപ്പ് നടത്തുന്നത്.കേരളത്തിൽ ടയർ ഡീലേഴ്സ് വീൽ അലൈൻമെൻറ് മേഖലയിൽ ആറ് വർഷത്തോളമായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന സംഘടനയാണ് ടയർ ഡീലേഴ്സ് ആൻറ് അലൈൻമെൻറ് അസോസിയേഷൻ കേരള (ടിഡാക്ക്). ഈ മേഖലയുടെയും അംഗങ്ങളുടെയും ഉന്നമനത്തിനും ക്ഷേമത്തിനുമായി ഒട്ടേറെ പദ്ധതികളാണ് അസോസിയേഷൻ ആവിഷ്ക്കരിച്ചുവരുന്നത്. മുൻ വർഷങ്ങളിലും ഒട്ടേറെ സമ്മാനങ്ങളാണ് അസോസിയേഷൻ നൽകിയിട്ടുള്ളതെന്നും ഭാരവാഹികൾ വാർത്താസമ്മേളനത്തിൽ പറഞ്ഞു. അസോസിയേഷൻ ട്രഷറർ മുഹമ്മദ് റാഫി, സംസ്ഥാന വൈസ് പ്രസിഡന്റ് മാരായ നൗഷാദ് ടി സി, ശിവകുമാർ പാവളം, സംസ്ഥാന ജോയിന്റ് സെക്രട്ടറിമാരായ ഷാജി മുഹമ്മദ്, മുജീബ് റഹ്മാൻ എന്നിവരും വാർത്താസമ്മേളനത്തിൽ സംബന്ധിച്ചു.

# എയർടെൽ കൂടുതൽ റീറ്റെയ്ൽ സ്റ്റോറുകൾ ആരംഭിച്ചു

**കൊച്ചി:** ഇന്ത്യയിലെ മുൻനിര ടെലികമ്മ്യൂണിക്കേഷൻ സേവന ദാതാക്കളിൽ ഒന്നായ ഭാരതി എയർടെൽ, കോഴിക്കോട് അഞ്ച് പുതിയ സ്റ്റോറുകൾ ആരംഭിച്ചു . രാമനാട്ടുകര, ചേവായൂർ, എരഞ്ഞിപ്പാലം, മാങ്കാവ് എന്നിവിടങ്ങളിൽ ആരംഭിച്ച പുതിയ സ്റ്റോറുകൾ എയർടെല്ലിന്റെ റീട്ടെയിൽ സാന്നിധ്യം ശക്തിപ്പെടുത്തുകയും ഉപഭോക്താക്കൾക്ക് സമാനതകളില്ലാത്ത സേവന അനുഭവം നൽകുകയും ചെയ്യും. സ്റ്റോറുകൾ എയർടെല്ലിന്റെ അത്യാധുനിക സാങ്കേതികവിദ്യകൾ അതിന്റെ പോർട്ട്ഫോളിയോയിലുടനീളം പ്രദർശിപ്പിക്കും. ഇതോടെ, കോഴിക്കോടുള്ള റീട്ടെയിൽ സ്റ്റോറുകളുടെ എണ്ണം എട്ടായി.

മികവ് സൃഷ്ടിക്കുകയും ജീവിതകാലം മുഴുവൻ ഉപഭോക്താക്കളെ നേടുകയും ചെയ്യുക എന്ന വിഷയത്തെ ആസ്പദമാക്കി രൂപകൽപ്പന ചെയ്തിരിക്കുന്ന ഈ അയൽപക്ക സ്റ്റോറുകൾ, എക്സ്ട്രീം, എക്സ്സ്റ്റേഫ്, 5 ജി പ്ലസ് തുടങ്ങി എയർടെല്ലിന്റെ മുഴുവൻ ഓഫറുകളും പ്രദർശിപ്പിക്കും.നിലവിൽ കമ്പനിക്ക് ദേശീയതലത്തിൽ 1500 സ്റ്റോറുകളുണ്ട്.

# ടാറ്റ പവറിന് മൂന്നാം പാദത്തിൽ 1,076 കോടി രൂപ ലാഭം

**കൊച്ചി:** രാജ്യത്തെ ഏറ്റവും വലിയ ഊർജ കമ്പനികളിലൊന്നായ ടാറ്റ പവർ 2024 സാമ്പത്തിക വർഷം മൂന്നാം പാദത്തിൽ 1,076 കോടി രൂപ ലാഭം നേടി. കമ്പനി തുടർച്ചയായി വളർച്ച കൈവരിക്കുന്ന 17മത്തെ പാദമാണിത്. മുൻവർഷം ഇതേകാലയളവിൽ ലാഭം 1,052 കോടി രൂപയായിരുന്നു.

2023 ഒക്ടോബർ ഡിസംബർ പാദത്തിൽ ടാറ്റ പവറിൻറെ ആദായം കഴിഞ്ഞ സാമ്പത്തിക വർഷത്തെ 14,339 കോടി രൂപയിൽ നിന്നും 14,841 കോടി രൂപയായി ഉയർന്നു. ത്രൈമാസ ഇബിഐടിഡിഎ 15 ശതമാനം വാർഷിക വളർച്ചയോടെ 3,250 കോടി രൂപയിലെത്തി. 2024 സാമ്പത്തികവർഷം ഡിസംബർ 31 ന് അവസാനിച്ച ഒമ്പത് മാസത്തിൽ കമ്പനിയുടെ വരുമാനം 45,286 കോടി രൂപ എന്ന സർവകാല റെക്കോർഡിലേക്ക് ഉയർന്നു.ടാറ്റാ പവറിൻറെ പ്രധാന ബിസിനസുകൾ മികച്ച പ്രകടനം തുടർന്നതാണ് തുടർച്ചയായ 17മത്തെ പാദത്തിലും വളർച്ച കൈവരിക്കാൻ കമ്പനിയെ സഹായിച്ചതെന്ന് ടാറ്റ പവർ സിഇഒയും മാനേജിങ് ഡയറക്ടറുമായ ഡോ. പ്രവീർ സിൻഹ പറഞ്ഞു. ഞങ്ങളുടെ സ്ഥിരതയുള്ള പ്രകടനം പ്രവർത്തനപരമായ മികവിലും പദ്ധതി നിർവ്വഹണ ശേഷിയിലും ഞങ്ങൾക്കുള്ള ശക്തമായ അടിത്തറ വ്യക്തമാക്കുന്നതാണ്. രാജ്യം വൈദ്യുതി ആവശ്യകതയുടെ കുതിച്ചുചാട്ടത്തിന് സാക്ഷ്യം വഹിക്കുമ്പോൾ ടാറ്റ പവർ അതിൻറെ അത്യാധുനികവും ചെലവ് കുറഞ്ഞതും ശുദ്ധവുമായ ഹരിത ഊർജ സംവിധാനങ്ങളിലൂടെ ഈ സാധ്യത ഉപയോഗപ്പെടുത്തുന്നതിനുള്ള സുശക്തമായ നിലയിലാണെന്നും അദ്ദേഹം പറഞ്ഞു.




# നയിദിശ 'സ്മൈൽ ഫോർ ജുവനൈൽ' പദ്ധതിയ്ക്ക് സംസ്ഥാനത്ത് തുടക്കം

**കോഴിക്കോട്:** ജുവനൈൽ ഹോമുകളിൽ കായിക പരിശീലനത്തിനുള്ള ഇന്ത്യൻ ഓയിൽ സംരംഭമായ 'നയിദിശ സ്മൈൽ ഫോർ ജുവനൈൽ' പദ്ധതിയുടെ നാലാം ഘട്ടം സംസ്ഥാനത്ത് ആരംഭിച്ചു.

ഇന്ത്യൻ ഓയിൽ ചെയർമാൻ ശ്രീകാന്ത് മാധവ് വൈദ്യ പദ്ധതി ഉദ്ഘാടനം ചെയ്തു. കോഴിക്കോട് വെള്ളിമാടുകുന്ന് ഗവ. ചിൽഡ്രൻസ് ഹോം ഫോർ ഗേൾസിലും മലപ്പുറം തവനൂർ ബോയ്സ് ഹോമിലും നടന്ന ചടങ്ങുകളിൽ ഓൺലൈനായി പങ്കെടുത്താണ് അദ്ദേഹം ഉദ്ഘാടനം നിർവ്വഹിച്ചത്.

കോഴിക്കോട് ജില്ലാ അസി. കളക്ടർ പ്രതീക് ജെയിൻ, ഇന്ത്യൻ ഓയിൽ ചീഫ് ജനറൽ മാനേജരും സംസ്ഥാന മേധാവിയുമായ ഗീതിക വർമ്മ, അന്താരാഷ്ട്ര ബാഡ്മിന്റൺ താരം അപർണ ബാലൻ, മലപ്പുറം ജില്ല ശിശു സംരക്ഷണ ഓഫീസർ ഷൈനി, ഇന്ത്യൻ ഓയിൽ കേരള ഓഫീസിലെ സീനിയർ ഓഫിഷ്യലുകൾ, പ്രിസൺ അധികൃതർ എന്നിവർ ചടങ്ങിൽ സംബന്ധിച്ചു.

കേരളം ഉൾപ്പെടെ 14 സംസ്ഥാനങ്ങളിലായി 1115 പേർ പങ്കെടുക്കുന്ന പരിവർത്തന്റെ ഏഴാം ഘട്ടവും നയിദിശയുടെ നാലാം ഘട്ടവും 11 ജയിലുകളിലും 12 ജുവനൈൽ ഹോമുകളിലുമെത്തും.ഇന്ത്യൻ ഓയിലിന്റെ നയിദിശ സംരംഭത്തിന കീഴിൽ കോഴിക്കോട് വെള്ളിമാടുകുന്ന് ഗവ. ചിൽഡ്രൻസ് ഹോമിൽ താമസിക്കുന്ന 26 പേർ വിദഗ്ദ മാർഗ നിർദേശങ്ങളോടെ ടേബിൾ ടെന്നിസ് പരിശീലന ക്യാമ്പിൽ പങ്കെടുക്കും. തവനൂർ ബോയ്സ് ഹോമിലെ 24 ആൺകുട്ടികൾക്ക് പ്രൊഫഷനൽ കൊച്ചിന്റെ കീഴിൽ ഒരു മാസം നീളുന്ന ഫുട്ബോൾ പരിശീലനവും നൽകും.''നേഷൻ ഫസ്റ്റ്' എന്ന തങ്ങളുടെ പ്രധാന മൂല്യത്തിന് അനുസൃതമായി, ഈ 'ബിയൊണ്ട് ബിസിനസ്' ഇടപെടലിൽ അങ്ങേയറ്റം അഭിമാനിക്കുന്നുവെന്ന്, ഉദ്ഘാടന പ്രസംഗത്തിൽ എസ്. എം. വൈദ്യ വ്യക്തമാക്കി. ശാരീരികവും മാനസികവുമായ ക്ഷേമത്തിനപ്പുറം, ജയിൽ തടവുകാരുടെയും പ്രായപൂർത്തിയാകാത്തവരുടെയും ജീവിതത്തിൽ കായികരംഗത്ത് മികച്ച പരിവർത്തനമാണ് ലക്ഷ്യമിടുന്നത്. അച്ചടക്കം, ടീം വർക്ക്, സ്ഥിരോത്സാഹം എന്നിവ വളർത്തിയെടുക്കുന്നതിലും ലക്ഷ്യം പ്രധാനം ചെയ്യുന്നതിലും കായിക രംഗം വിജയിച്ചിട്ടുണ്ട്. ഞങ്ങൾക്ക് ഇതുവരെ ലഭിച്ചിട്ടുള്ള വിവിധ ആഗോള അംഗീകാരങ്ങൾ, പദ്ധതിയെ കൂടുതൽ മുന്നോട്ട് കൊണ്ടുപോകാനുള്ള ഞങ്ങളുടെ ദൃഢനിശ്ചയത്തെ ശക്തിപ്പെടുത്തുന്നതാണെന്ന് അദ്ദേഹം പറഞ്ഞു.

പരിവർത്തൻ പ്രിസൺ ടു പ്രൈഡ് സംരംഭം 2021 ഓഗസ്റ്റ് 15നാണ് ആരംഭിച്ചു. നയിദിശ സ്മൈൽ ഫോർ ജുവനൈലിന്റെ ആദ്യ ഘട്ടം 2023 ജനുവരി 26 നും ആരംഭിച്ചു. ഇന്നത്തെ സമാരംഭത്തോടെ, ഈ പദ്ധതി ഇപ്പോൾ പത്ത് കായിക ഇനങ്ങളിലൂടെ 22 സംസ്ഥാനങ്ങളിലും 6 കേന്ദ്ര ഭരണ പ്രദേശങ്ങളിലേയും 1228 സ്ഥലങ്ങളിലായി 6300 തടവുകാരെയും ജുവനൈൽമാരെയും ശാക്തീകരിക്കുന്നുണ്ട്. കോച്ചിംഗ് സൗകര്യങ്ങൾ മാത്രമല്ല, പങ്കെടുക്കുന്നവർക്ക് ഉപകരണങ്ങളും കിറ്റുകളും പദ്ധതിയിലൂടെ ലഭ്യമാകുന്നുണ്ട്.

# മാവ്റിക്ക് 440 : ബുക്കിംഗ് ആരംഭിച്ച് ഹീറോ മോട്ടോകോർപ്പ്

**കൊച്ചി:** സ്കൂട്ടർ, മോട്ടോർസൈക്കിൾ നിർമ്മാതാക്കളായ ഹീറോ മോട്ടോകോർപ്പ് തങ്ങളുടെ ഫ്ളാഗ്ഷിപ്പ് മോട്ടോർസൈക്കിളായ മാവ്റിക്ക് 440ന്റെ ബുക്കിങ്ങ് ആരംഭിച്ചു. പ്രത്യേക ഹീറോ മോട്ടോകോർപ്പ് ഉപഭോക്തൃ ഔട്ട്ലെറ്റുകളിലും അതേസമയം തന്നെ www.heromotocorp.com സന്ദർശിച്ചു കൊണ്ട് ഡിജിറ്റലായും ഉപഭോക്താക്കൾക്ക് ഇനി തങ്ങളുടെ മോട്ടോർ സൈക്കിളുകൾ ബുക്ക് ചെയ്യാവുന്നതാണ്. ഏപ്രിൽ മുതൽ മാവ്റിക്കിന്റെ വിതരണവും ആരംഭിക്കും.

മാവ്റിക്ക് 440 3 വേരിയന്റുകളിലായി ലഭ്യമാകും ബെയ്സ്, മിഡ്, ടോപ്പ് വേരിയന്റുകൾ. രാജ്യത്തുടനീളമുള്ള ഹീറോ മോട്ടോകോർപ്പിന്റെ ഡീലർഷിപ്പുകളിൽ നിന്നും രൂപ 1,99,000/ (ബെയ്സ്), രൂപ



2,14,000/ (മിഡ്), രൂപ 2,24,000 (ടോപ്പ്) നിരക്കുകളിൽ യഥാക്രമം ലഭ്യമാകും. ഇന്ത്യയിലുടനീളം ഈ വിലകൾ എക്സ്ഷോറൂം നിരക്കുകളാണ്.ഇതോടൊപ്പം കമ്പനി 'വെൽകം ടു മാവ്റിക്ക് ക്ലബ്ബ് ഓഫർ' കൂടി പുറത്തിറക്കുന്നു. മാർച്ച് 15നു മുൻപ് മാവ്റിക്ക് 440 ബുക്ക് ചെയ്യുന്ന ഉപഭോക്താക്കൾക്കായിരിക്കും ഈ വാഗ്ദാനം ലഭ്യമാവുക. 10,000 രൂപ വിലമതിപ്പുള്ള ആക്സസ്സറികളുടേയും മെർക്കന്റൈസുകളുടേയും ഒരു കസ്റ്റമൈസ് ചെയ്ത മാവ്റിക്ക് കിറ്റ് ആയിരിക്കും ഈ വാഗ്ദാനത്തിന്റെ ഭാഗമായി ലഭിക്കുക.

ഗതാഗതകുരുക്കുകളിൽ വഴക്കത്തോടെ മുന്നേറുകയും അതേസമയം തന്നെ ദീർഘദൂര യാത്രകൾക്ക് സുഖം പകരുന്ന തരത്തിൽ അങ്ങേയറ്റം കരുത്തുമുള്ള ഒരു ശക്തമായ എഞ്ചിനുമായി വന്നെത്തുന്ന മാവ്റിക്ക് 440 പ്രചോദനമേകുന്ന റൈഡിങ്ങ് അനുഭവത്തിന്റെ ഒരു പുതിയ ലോകമാണ് തുറന്നു നൽകുന്നതെന്ന് ഹീറോ മോട്ടോകോർപ്പ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറായ (സി ഇ ഒ) ശ്രീ നിരഞ്ജൻ ഗുപ്ത പറഞ്ഞു.

# മൗത്ത്‌വാഷ് അവതരിപ്പിച്ച് സെൻസോഡൈൻ

**കൊച്ചി:**ഹൗസ് ഓഫ് ഹാലിയോണിൻറെ ർ ബ്രാൻഡായ സെൻസോഡൈൻ, ഏറ്റവും പുതിയ സെൻസോഡൈൻ കംപ്ലീറ്റ് പ്രൊട്ടക്ഷൻ+ മൗത്ത്‌വാഷ് അവതരിപ്പിക്കുന്നു. സെൻസിറ്റീവ് പല്ലുകളുള്ള ആളുകൾക്കായി രൂപകൽപ്പന ചെയ്തിരിക്കുന്ന ടൂത്ത് പേസ്റ്റുകളുടെയും ബ്രഷുകളുടെയും നിലവിലുള്ള ശ്രേണിയിൽ, പുതിയ മൗത്ത്‌വാഷിൻറെ അവതരണം. പുതിയ ഉൽപ്പന്നം സൗകര്യപ്രദമായ രണ്ട് പാക്കിംഗുകളിൽ ലഭ്യമാണ് 100 മില്ലി രൂപ 130എംആർപി നിരക്കിൽ, 250 മില്ലി 230 രൂപ എംആർപി.

# ഇലക്ട്രിക് വാഹനങ്ങളുടെ വില കുറച്ച് ടാറ്റ മോട്ടോഴ്സ്

**മുംബൈ:**പ്രമുഖ വാഹനനിർമ്മാതാക്കളായ ടാറ്റമോട്ടോഴ്സ് വാഹനശ്രേണിയിലെ ഇലക്ട്രിക് മോഡലുകളുടെ വില 1.2 ലക്ഷം രൂപ വരെ കുറച്ചു. ടാറ്റ മോട്ടോഴ്സിന്റെ ഇലക്ട്രിക് വാഹനശൃംഖലയായ ടാറ്റ പാസഞ്ചർ ഇലക്ട്രിക് മൊബിലിറ്റി ലിമിറ്റഡാണ് (ടി.പി.ഇ.എം.) ഉപഭോക്താക്കൾക്കായി ഈ ആനുകൂല്യം പ്രഖ്യാപിച്ചിരിക്കുന്നത്. ഏറ്റവും കൂടുതൽ വിറ്റഴിക്കപ്പെടുന്ന ഇലക്ട്രിക് വാഹനങ്ങളായ നെക്സണിന്റെയും ടിയാഗോയുടെയും വിലയിൽ ഈ കുറവ് പ്രതിഫലിക്കും. നെക്സണിന് വിലയിൽ 1.2 ലക്ഷം രൂപ വരെ കുറവ് ലഭിക്കും.ടിയാഗോ ഇലക്ട്രിക്കിന് വിലയിൽ 70,000 രൂപ വരെ കുറവ് ലഭിക്കും. ഇതിന്റെ ബേസ് മോഡലിന്റെ വില 7.99 ലക്ഷമാണ്. അടുത്തിടെയായി വിപണിയിൽ അവതരിപ്പിച്ച പഞ്ച് ഇലക്ട്രിക്കിന്റെ ഉദ്ഘാടന ഓഫറുകൾ തുടരും.

# കെഎംഎ സിഎസ്ആർ അവാർഡിന് അപേക്ഷ ക്ഷണിച്ചു

**കൊച്ചി:** കേരള മാനേജ്മെന്റ് അസോസിയേഷൻ (കെഎംഎ) സി എസ് ആർ അവാർഡുകൾക്ക് അപേക്ഷ ക്ഷണിച്ചു. ഏറ്റവും മികച്ച സി എസ് ആർ പ്രൊജക്റ്റിന് വിദ്യാഭ്യാസം, ആരോഗ്യം, സോഷ്യൽ ഇൻക്ലൂഷൻ, പരിസ്ഥിതി എന്നീ വിഭാഗങ്ങളിൽ പുരസ്കാരം നൽകും. ഏറ്റവും മികച്ച ഇഎസ്ജി ഇമ്പ്ലിമെന്റേഷനുള്ള പുരസ്കാരവും ഇത്തവണ പുതുതായി ഏർപ്പെടുത്തിയിട്ടുണ്ട്. വിവിധ മേഖലകളിൽ മികച്ച സി എസ്ആർ പദ്ധതികൾ നടപ്പാക്കിയിട്ടുള്ള എൻജിഒകൾ, ട്രസ്റ്റുകൾ, സെക്ഷൻ 8 കമ്പനി എന്നിവർക്ക് കെ എം എ ഇമ്പാക്റ്റ്ഫുൾ എൻ ജി ഒ അവാർഡ് നൽകും. അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി ഫെബ്രുവരി 25. മാർച്ച് ഏഴിന് നടക്കുന്ന ചടങ്ങിൽ പുരസ്കാരങ്ങൾ സമ്മാനിക്കും. എക്സ് എൽ ആർ ഐ ജാംഷെഡ്പൂരിലെ പ്രൊഫ. കല്യാൺ ഭാസ്കറിന്റെ നേതൃത്വത്തിലുള്ള ജ്യൂറിയാണ് അവാർഡ് നിർണയം നടത്തുക. കെ എം എ അംഗങ്ങൾക്കും അല്ലാത്തവരുമടക്കം കേരളത്തിൽ പ്രവർത്തിക്കുന്ന എല്ലാ കമ്പനികൾക്കും അപേക്ഷിക്കാം.

കെ എം എ പോർട്ടൽ വഴിയാണ് അപേക്ഷ സമർപ്പിക്കേണ്ടത്. അപേക്ഷ സംബന്ധിച്ച വിവരങ്ങൾക്കും അപേക്ഷ സമർപ്പിക്കുന്നതിനും: www.kma.org.in



# പ്ലാങ്കത്തോൺ ഒരുക്കി ബജാജ് അലയൻസ് ലൈഫ് ഇൻഷുറൻസ്

**കൊച്ചി:** ഇന്ത്യയിലെ പ്രമുഖ സ്വകാര്യ ലൈഫ് ഇൻഷുറർമാരിലൊരാളായ ബജാജ് അലയൻസ് ലൈഫ്, ഇന്ത്യൻ സ്പേസ് റിസർച്ച് ഓർഗനൈസേഷന്റെ (ഐഎസ്ആർഒ) ചന്ദ്രയാൻ സോളാർ മിഷൻ, ആദിത്യ എൽ ഉൾപ്പെടെയുള്ള ശ്രദ്ധേയമായ നേട്ടങ്ങൾ ആഘോഷിക്കുന്നതിനായി ബെംഗളൂരുവിലെ ശ്രീ കണ്ഠീരവ ഔട്ട്ഡോർ സ്റ്റേഡിയത്തിൽ പ്ലാങ്കത്തണിന്റെ നാലാം പതിപ്പ് സംഘടിപ്പിച്ചു. . ഓൺഗ്രൗണ്ട് പ്ലാങ്കത്തോൺ ഇവന്റ്, കമ്പനിയുടെ വൻ ജനപ്രീതിയാർജ്ജിച്ച കാമ്പെയ്നിന്റെ ഒരു പരിസമാപ്തിയാണ് ◌ജഹമിസഎീൃഅരലെ.ബെംഗളൂരുവിലെ പ്ലാങ്കത്തോൺ പരിപാടിയിൽഇന്ത്യൻ സ്പേസ് റിസർച്ച് ഓർഗനൈസേഷന്റെ ആസ്ഥാനമായ കപ്പാസിറ്റി ബിൽഡിംഗ് & പബ്ലിക് ഔട്ട്റീച്ച് ഡയറക്ടർ . എൻ സുധീർ കുമാറിന്റെ നേതൃത്വത്തിലുള്ള ഐഎസ്ആർഒ ശാസ്ത്രജ്ഞരുടെ ഒരു ടീമിനെയും കൊണ്ടുവന്നു. മിഷൻ മംഗൾ, ഡങ്കി ഉൾപ്പെടെ നിരവധി ജനപ്രിയ ഹിന്ദി സിനിമകളിൽ അഭിനയിച്ച തപ്സി പന്നു ചടങ്ങിൽ പങ്കെടുത്തു.



# ഐ സി ഐ അൾട്രാടെക് അവാർഡുകൾ വിതരണം ചെയ്തു

**കൊച്ചി:** നിർമാണ മേഖലയിൽ മികവ് പുലർത്തുന്നവർക്കായി ഇന്ത്യൻ കോൺക്രീറ്റ് ഇൻസ്റ്റിറ്റ്യൂട്ട് (ഐ സി ഐ) കൊച്ചി സെന്ററും അൾട്രാടെക് സിമന്റും സംയുക്തമായി ഏർപ്പടുത്തിയ ഐ സി ഐ അൾട്രാടെക് അവാർഡ് വിതരണം കൊച്ചിയിൽ നടന്നു.

ജി കേശവചന്ദ്രൻ, ചീഫ് പ്രോജക്ട് മാനേജർ, റെയിൽ വികാസ് നിഘം ലിമിറ്റഡ് മികച്ച എൻജിനീയർ ആയി തിരഞ്ഞെടുക്കപ്പെട്ടു. ചെല്ലാനത്തെ ടെട്രാപോഡുകൾ ഉപയോഗിച്ചുള്ള കേടുപാടുകൾ സംഭവിച്ച മുങ്ങിപ്പോയ കടൽഭിത്തിയുടെ നവീകരണത്തിനാണ് മികച്ച ഇൻഫ്രാസ്ട്രക്ചർ പുരസ്കാരം ലഭിച്ചത്. മികച്ച വാണിജ്യ കെട്ടിടത്തിനുള്ള പുരസ്കാരം പ്രസ്റ്റീജ് തോംസൺ ഫോറം മാളും മികച്ച അപ്പാർട്ട്മെന്റ് അവാർഡ് വീഗാലാൻഡ് കിംഗ്സ്ഫോർട്ടും നേടി. മികച്ച സ്റ്റുഡന്റ് ചാപ്റ്ററിനുള്ള പുരസ്കാരം കോതമംഗലം മാർ അത്തനേഷ്യസ് കോളേജ് കരസ്ഥമാക്കി. ഐ സി ഐ കൊച്ചി സെന്ററിനു പരിധിയിൽ വരുന്ന 6 ജില്ലകളിലെ ഏറ്റവും മികച്ച വീടുകൾക്കും കോൺക്രീറ്റ് നെ സംബന്ധിച്ച ഏറ്റവും മികച്ച പ്രബന്ധത്തിനുമുള്ള അവാർഡുകൾ വിതരണം ചെയ്തു. അവാർഡ് ദാന ചടങ്ങിനോടൊപ്പം ഡോ. വി രാമചന്ദ്ര 'വെല്ലുവിളി നിറഞ്ഞ പദ്ധതികൾക്കായുള്ള പ്രത്യേക കോൺക്രീറ്റുകൾ' എന്ന വിഷയത്തെക്കുറിച്ച് ക്ളാസെടുത്തു. ഐ.സി.ഐ കൊച്ചി സെന്റർ ചെയർമാൻ. അനിൽ ജോസഫ്, വൈസ് ചെയർമാൻ ഡോ. എൽസൺ ജോൺ, സെക്രട്ടറി ഡോ. ജോബ് തോമസ്, ട്രെഷറർ. ഷൈജു നായർ, അൾട്രാടെക് സിമെന്റ് ലിമിറ്റഡ് സോണൽ ഹെഡ് ടെക്നിക്കൽ. പുന്നൂസ് ജോണും റീജിയണൽ ഹെഡ് മാർക്കറ്റിംഗ് ശ്രീ അനി ജോർജ്ജും ചടങ്ങിൽ സംസാരിച്ചു. ചടങ്ങിൽ കേരളത്തിലെ വിവിധ ജില്ലകളിൽ നിന്നായി 300 ൽ അധികം എഞ്ചിനീയർ മാരും ആർക്കിടെക്ടസും പങ്കെടുത്തു.

# നിക്ഷേപ സമാഹരണം: റെക്കോർഡ് നേട്ടവുമായി സഹകരണബാങ്കുകൾ

**തൃശൂർ** സഹകരണമേഖലയുടെ കരുത്ത് വെളിവാക്കി റെക്കോർഡ് നേട്ടവുമായി സഹകരണ ബാങ്കുകൾ. 44) മത് നിക്ഷേപ സമാഹരണത്തിൽ ലക്ഷ്യമിട്ടതിനേക്കാൾ കൂടുതൽ തുക സമാഹരിക്കാൻ സഹകരണ ബാങ്കുകൾക്ക് കഴിഞ്ഞതായി സഹകരണ വകുപ്പ് മന്ത്രി വി.എൻ.വാസവൻ പറഞ്ഞു. 'സഹകരണ നിക്ഷേപം നവകേരള നിർമ്മിതിക്കായ്' എന്ന മുദ്രാവാക്യത്തോടെ ജനുവരി 10 മുതൽ 2024 ഫെബ്രുവരി 12 വരെയാണ് നിക്ഷേപ സമാഹരണ യജ്ഞം നടന്നത്. 9000 കോടി രൂപ സമാഹരിക്കുന്നതിനാണ് ലക്ഷ്യമിട്ടിരുന്നത്. അതിൽ 7000 കോടി 14 ജില്ലകളിൽ നിന്നും 2000 കോടി രൂപ കേരളാ ബാങ്ക് വഴിയും സമാഹരിക്കുവാനാണ് ലക്ഷ്യമിട്ടിരുന്നത്. നിക്ഷേപ സമാഹരണത്തിന്റെ ഭാഗമായി ഫെബ്രുവരി 12 വരെ ആകെ 23263.73 കോടി രൂപയുടെ പുതിയ നിക്ഷേപം സമാഹരിക്കുവാൻ സാധിച്ചിട്ടുണ്ടെന്നും മന്ത്രി വാർത്താ സമ്മേളനത്തിൽ പറഞ്ഞു.

ആകെ സമാഹരിച്ച തുകയിൽ 20055.42 കോടി രൂപ ജില്ലകളിലെ സഹകരണ ബാങ്കുകളും 3208.31 കോടി രൂപ കേരളാ ബാങ്കുമാണ് സമാഹരിച്ചത്. എറ്റവും കൂടുതൽ പുതിയ നിക്ഷേപം സമാഹരിക്കാൻ സാധിച്ചത് കോഴിക്കോട് ജില്ലയിലെ സഹകരണ ബാങ്കുകൾക്കാണ്. 850 കോടി രൂപ ലക്ഷ്യമിട്ട സ്ഥാനത്ത് 4347.39 കോടി രൂപ സമാഹരിക്കാൻ കോഴിക്കോട് ജില്ലക്കായി. രണ്ടാം സ്ഥാനത്ത് എത്തിയ മലപ്പുറം ജില്ല 2692.14 കോടി രൂപയുടെ നിക്ഷേപം സമാഹരിച്ചു (ടാർജറ്റ് 800 കോടി), മൂന്നാം സ്ഥാനത്തുള്ള കണ്ണൂർ ജില്ലയിൽ 2569.76 കോടി രൂപയുടെ നിക്ഷേപം എത്തിച്ചേർന്നു (ലക്ഷ്യമിട്ടിരുന്നത് 1100 കോടി രൂപ), നാലാം സ്ഥാനത്തുള്ള പാലക്കാട് ജില്ല 1398.07 കോടി രൂപയും (ടാർജറ്റ് 800 കോടിരൂപ), അഞ്ചാം സ്ഥാനത്ത് എത്തിയ കൊല്ലം 1341.11 കോടി രൂപയുമാണ് പുതുതായി സമാഹരിച്ചത്.മറ്റു ജില്ലകളിലെ നിക്ഷേപ വിവരങ്ങൾ, ടാർജറ്റ് ബ്രാക്കറ്റിൽ തിരുവനന്തപുരം 1171.65 കോടി (ടാർജറ്റ് 450 കോടി രൂപ), പത്തനംതിട്ട 526.90 കോടി (ടാർജറ്റ് 100 കോടി രൂപ), ആലപ്പുഴ 835.98 കോടി (ടാർജറ്റ് 200 കോടി രൂപ), കോട്ടയം 1238.57 കോടി (ടാർജറ്റ് 400 കോടി രൂപ), ഇടുക്കി 307.20 കോടി (ടാർജറ്റ് 200 കോടി രൂപ), എറണാകുളം 1304.23 കോടി രൂപ (ടാർജറ്റ് 500 കോടി രൂപ), തൃശൂർ 1169.48 കോടി രൂപ (ടാർജറ്റ് 550 കോടി രൂപ), കോഴിക്കോട് 4347.39 കോടി (ടാർജറ്റ് 850 കോടി രൂപ), വയനാട് 287.71 കോടി രൂപ (ടാർജറ്റ് 150 കോടി രൂപ)2000 കോടി രൂപയുടെ നിക്ഷേപം ലക്ഷ്യമിട്ടിരുന്ന കേരളബാങ്ക് ഇക്കാലയളവിൽ 3208.31 കോടി രൂപയാണ് സമാഹരിച്ചത്.

# ലെ ട്രവന്യൂസ് ടെക്നോളജി ലിമിറ്റഡ് ഐപിഒയ്ക്ക്

**കൊച്ചി:** ഇക്സിഗോ ഫ്ലൈറ്റ്സ്,ഇക്സിഗോ ട്രെയ്ൻസ്, കൺഫേം ടികെടി, അഭി ബസ് തുടങ്ങിയ ബ്രാൻഡുകളുടെ ഉടമകളായ ലെ ട്രവന്യൂസ് ടെക്നോളജി ലിമിറ്റഡ് പ്രാഥമിക ഓഹരി വിൽപനയ്ക്ക് (ഐപിഒ) അനുമതി തേടി സെബിയ്ക്ക് കരടുരേഖ (ഡിആർഎച്ച്പി) സമർപ്പിച്ചു. ഓഹരി ഒന്നിന് ഒരു രൂപ മുഖവിലയുള്ള 120 കോടി രൂപയുടെ പുതിയ ഇക്വിറ്റി ഓഹരികളും പ്രമോട്ടർമാരുടെയും നിലവിലുള്ള ഓഹരിയുടമകളുടെയും 66,677,674 ഇക്വിറ്റി ഓഹരികളുടെ ഓഫർ ഫോർ സെയിലുമാണ് ഐപിഒയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഓഹരികൾ എൻഎസ്ഇയിലും ബിഎസ്ഇയിലും ലിസ്റ്റ് ചെയ്യും.ആക്സിസ് ക്യാപിറ്റൽ ലിമിറ്റഡ്, ഡി എ എം ക്യാപിറ്റൽ അഡ്വൈസേഴ്സ് ലിമിറ്റഡ്, ജെഎം ഫിനാൻഷ്യൽ ലിമിറ്റഡ് എന്നിവരാണ് ഐപിഒയുടെ ബുക്ക് റണ്ണിങ് ലീഡ് മാനേജർമാർ.

# ഇടെൻഡർ ക്ഷണിച്ചു

**കോതമംഗലം:** ബ്ലോക്ക് പഞ്ചായത്ത് 202324 വാർഷിക പദ്ധതിയിലെ അസിസ്റ്റന്റ് എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായ വിവിധ പൊതുമരാമത്ത് പ്രവൃത്തികളുടെ ഇടെൻഡർ നടപടികളുടെ വിശദവിവരങ്ങൾ ാോം.ഹഴെ. സല്യമഹമ.ഴീ.ശി, ാോം.ലലേിറല്യെ.സല്യമഹമ.ഴീ.ശി എന്നീ വെബ് സൈറ്റുകളിലും, പ്രവൃത്തി ദിവസങ്ങളിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ കാര്യാലയത്തിൽ നിന്നും അറിയാം.

# ശശികുമാര വർമ്മയുടെ വേർപാട് നികത്താനാവത്ത വിടവ്: വിഎച്ച്പി

**കൊച്ചി:** പന്തളം രാജകുടുംബാഗവും കൊട്ടാര നിർവ്വാഹക സംഘം മുൻ പ്രസിഡന്റുമായിരുന്ന പി.ജി ശശികുമാരവർമ്മ(72)യുടെ നിര്യാണം ഹൈന്ദവ സമൂഹത്തിനാകെ നികത്താനാവാത്ത വിടവാണ് സൃഷ്ടിച്ചിരിക്കുന്നതെന്ന് വിശ്വഹിന്ദുപരിഷത്ത് സംസ്ഥാന പ്രസിഡന്റ് വിജി തമ്പി,ജനറൽ സെക്രട്ടറി വി.ആർ രാജശേഖരൻ എന്നിവർ അനുശോചന സന്ദേശത്തിൽ പറഞ്ഞു. ശബരിമല വിഷയത്തിലടക്കം ആചാര സംരക്ഷണത്തിന്റെ അമരക്കാരനായി അദ്ദേഹം നടത്തിയ പോരാട്ടം ഹൈന്ദവ വിശ്വാസ സമൂഹത്തിന് ഒരിക്കലും മറക്കാൻ കഴിയില്ല. ശശികുമാരവർമ്മയുടെ സ്മരണയ്ക്ക് മുന്നിൽ ആദരാഞ്ജലി അർപ്പിക്കുന്നതായും വി.എച്ച്.പി നേതാക്കൾ വ്യക്തമാക്കി.

# നിശാഗന്ധി ഡാൻഡ് ഫെസ്റ്റിവലിൽ പത്മശ്രീ ഗീത ചന്ദ്രന്റെ ഭരതനാട്യം 18ന്



**കൊച്ചി:** പ്രമുഖ ക്ലാസിക്കൽ നർത്തകി പത്മശ്രീ ഗീത ചന്ദ്രന്റെ ഭരതനാട്യം ഞായറാഴ്ച തിരുവനന്തപുരം കനകക്കുന്നിലെ നിശാഗന്ധി തീയറ്ററിൽ അരങ്ങേറും. ഈ വർഷത്തെ നിശാഗന്ധി നൃത്തോത്സവത്തിന്റെ ഭാഗമായി ഞായറാഴ്ച വൈകീട്ട് 6.45നാണ് 'അനന്തായ: എംബ്രേസിങ് ഇൻഫിനിറ്റി' എന്ന പേരിലുള്ള സോളോ ഭരതനാട്യം.അഞ്ച് പതിറ്റാണ്ടിന്റെ വഴക്കമുള്ള നൃത്തവൈഭവവും നാട്യരൂപത്തിലുള്ള കഥപറച്ചിലിന്റെ താളവും ഇഴചേർന്ന മികച്ച കലാവിരുന്നാണ് ആസ്വാദകർക്കായി ഗീത ഒരുക്കുന്നത്. ദ്രുപത് നിർഗീതിൽ ആരംഭിച്ച് ക്ലാസിക്കൽ വർണത്തിലൂടെ മീരാ ഭജനിൽ പര്യവസാനിക്കുന്ന മാതൃകയിലാണ് അനന്തായയുടെ അവതരണം.നാട്യത്തിന്റെ കാലാതീത സൗന്ദര്യം അനാവരണം ചെയ്യുന്ന ഭാവ രാഗ താള ലയവും കാലഘട്ടങ്ങളിലൂടെ കഥകൾ പറയുന്ന ഹസ്ത മുദ്രകളുടേയും ഭാവങ്ങളുടേയും സമർത്ഥമായ പ്രയോഗവും കാഴ്ചക്കാരെ അനന്തതയിലേക്ക് കാഴ്ച്ചക്കാരെ കൂട്ടിക്കൊണ്ടു പോകും. ഗീതയുടെ മാസ്മരിക നൃത്തത്തിന് മാറ്റുകൂട്ടാൻ വരുൺ രാജശേഖരന്റെ നാട്ടുവംഗം, കെ വെങ്കിലേഷിന്റെ ആലാപനം, മനോഹർ ബാലചന്ദിരന്റെ മൃദംഗം, ജി രാഘവേന്ദ്ര പ്രസാദിന്റെ വയലിനും അകമ്പടിയുണ്ടാകും.

# സൗജന്യ ശ്വാസകോശ പരിശോധന ക്യാമ്പുമായി ആസ്റ്റർ പി.എം.എഫ്

**കൊല്ലം:** ശ്വാസകോശത്തെ ബാധിക്കുന്ന വിവിധ ആരോഗ്യപ്രശ്നങ്ങൾക്ക് സമഗ്ര ചികിത്സ നൽകാൻ സൗജന്യ ശ്വാസകോശ പരിശോധന ക്യാമ്പുമായി കൊല്ലം ആസ്റ്റർ പി.എം.എഫ് ആശുപത്രി. ഫെബ്രുവരി 17 ശനിയാഴ്ച രാവിലെ 10 മുതൽ ഉച്ചക്ക് മൂന്ന് വരെ നടക്കുന്ന ക്യാമ്പിൽ രജിസ്ട്രേഷനും ഡോക്ടറുടെ കൺസൾട്ടേഷനും തികച്ചും സൗജന്യമായി ലഭിക്കും.ക്യാമ്പിൽ സൗജന്യ പൾമണറി ഫംഗ്ഷൻ ടെസ്റ്റ് (പിഎഫ്ടി) ഉണ്ടായിരിക്കുന്നതാണ്. അഡ്മിഷൻ ആവശ്യമുള്ള രോഗികൾക്ക് 10% കിഴിവ് (ഡയറ്റുകൾ, ഇംപ്ലാന്റുകൾ, ഉപകരണങ്ങൾ, മരുന്ന്, ഉപഭോഗവസ്തുക്കൾ എന്നിവ ഒഴികെ) ലഭിക്കുന്നതാണ്. ക്യാമ്പിൽ പങ്കെടുക്കുന്നവർക്ക് മരുന്നുകൾ, ലാബ് പരിശോധനകൾ, ഒപി നടപടിക്രമങ്ങൾ, റേഡിയോളജി സേവനങ്ങൾ എന്നിവയിലും 10% കിഴിവ് ലഭിക്കുന്നതാണ്.ആസ്റ്റർ പി.എം.എഫിലെ പൾമണോളജി കൺസൾട്ടന്റ് ഡോ. മികാഷ് മോഹന്റെ നേതൃത്വത്തിലാണ് ക്യാമ്പ് നടത്തുന്നത്. വിട്ടുമാറാത്ത ചുമ, ഒബ്സ്ട്രക്റ്റീവ് എയർവേ ഡിസീസ്, ബ്രോങ്കൈറ്റിസ്, ക്രോണിക് ഒബ്സ്ട്രക്റ്റീവ് പൾമണറി ഡിസീസ്, ആസ്ത്മ, ഇന്റർസ്റ്റീഷ്യൽ ശ്വാസകോശ രോഗങ്ങൾ, ഒബ്സ്ട്രക്റ്റീവ് സ്ലീപ് അപ്നിയ, കൂർക്കംവലി സംബന്ധമായ പ്രശ്നങ്ങൾ എന്നിവയുൾപ്പെടെ വിവിധ ശ്വസന പ്രശ്നങ്ങൾ നേരിടുന്നവർ. ബ്രോങ്കോസ്കോപ്പി, ശ്വാസകോശ ബയോപ്സി, ശ്വാസകോശ സംബന്ധമായ അണുബാധകൾ, ക്ഷയം, കോവിഡിന് ശേഷമുള്ള രോഗങ്ങൾ, പ്ലൂറൽ രോഗങ്ങൾ, ശ്വാസകോശ അർബുദ ആശങ്കകൾ എന്നിവയുള്ളവർക്കും ക്യാമ്പിൽ പങ്കെടുക്കാം.ക്യാമ്പിൽ പങ്കെടുക്കാൻ താൽപ്പര്യമുള്ളവർ 8129388744 എന്ന നമ്പറിൽ വിളിച്ച് രജിസ്റ്റർ ചെയ്യാവുന്നതാണ്.




# ഭിന്നശേഷിക്കാർക്ക് ക്രൂയിസ് യാത്രയൊരുക്കി റോട്ടറി ക്ലബ്ബുകൾ

**കൊച്ചി:** കൊച്ചി കായലിലേയും അറബിക്കടലിലേയും അലമാലകൾ സ്നേഹത്തോടെ തൊട്ടത് നെഫർറ്റിറ്റി ക്രൂയിസ് ഷിപ്പിനെയായിരുന്നില്ല. നെഫർറ്റിറ്റിക്കുള്ളിൽ ആടിയും പാടിയും ദിവസം ആഘോഷിക്കാനെത്തിയ വിഭിന്ന ശേഷിക്കാരായ വിദ്യാർഥികളും അധ്യാപകരും അടങ്ങുന്ന 160 പേരെയായിരുന്നു.

സ്നേഹത്തിന്റെ തിരമാലകൾ തീർത്ത് നെഫർറ്റിറ്റി ബോൾഗാട്ടിയിൽ നിന്നും വൈപ്പിനും ഫോർട്ട് കൊച്ചിയും പിന്നിട്ട് കപ്പൽ ചാലിലൂടെ കടലിലേക്ക് സഞ്ചരിച്ച് തിരിച്ചെത്തിയപ്പോൾ ആ കുട്ടികൾ ആസ്വദിച്ചത് പുതിയൊരു അനുഭവമായിരുന്നു.റോട്ടറി ഡിസ്ട്രിക്ട് 3201ന് കീഴിൽ റോസസ് പ്രൊജക്ടിന്റെ ഭാഗമായി റോട്ടറി ക്ലബ് ഓഫ് കൊച്ചിൻ വെസ്റ്റ്, റോട്ടറി ക്ലബ് ഓഫ് പറവൂർ, റോട്ടറി ക്ലബ് ഓഫ് കൊച്ചിൻ ട്രൈസിറ്റി എന്നിവയുടെ സംയുക്ത ആഭിമുഖ്യത്തിലാണ് വിഭിന്ന ശേഷി വിദ്യാർഥികൾക്ക് ക്രൂയിസ് ഷിപ്പിൽ ആഹ്ലാദം നിറച്ചു നൽകിയത്.

റോട്ടറി ക്ലബ് ഓഫ് പറവൂർ നടത്തുന്ന പ്രതീക്ഷ സ്കൂൾ ഉൾപ്പെടെ എറണാകുളം, ഇടുക്കി, തൃശൂർ, പാലക്കാട് ആലപ്പുഴ ജില്ലകളിലെ 18 സ്കൂളുകളിലെ വിദ്യാർഥികളാണ് കപ്പൽ യാത്രയിൽ പങ്കെടുത്തത്.കടൽ കാണാൻ പോകുന്ന കുട്ടികളെ യാത്രയാക്കാൻ എറണാകുളം എം പി ഹൈബി ഈഡൻ കപ്പലിലെത്തിയിരുന്നു. വിഭിന്ന ശേഷിക്കാരായ കുട്ടികൾക്കു വേണ്ടി റോട്ടറി ക്ലബ് നടത്തുന്ന ഇത്തരം പരിപാടികളെ എത്ര അഭിനന്ദിച്ചാലും മതിയാകില്ലെന്ന് അദ്ദേഹം പറഞ്ഞു.

വിവിധ സ്പെഷ്യൽ സ്കൂൾ വിദ്യാർഥികൾക്ക് 2000 മുതൽ വിമാന യാത്രയാണ് റോട്ടറി ക്ലബ് നടത്തിയിരുന്നത്. കോവിഡ് കാലത്തൊഴികെ വിമാന യാത്രകൾ നടത്തിയിരുന്ന റോട്ടറി ക്ലബിന്റെ നേതൃത്വത്തിൽ ഈ വർഷം ആദ്യമായാണ് ക്രൂയിസ് ഷിപ്പിൽ യാത്ര നടത്തുന്നത്.ക്രൂയിസ് ഷിപ്പിലെ ഗായക സംഘമായ ബദറും ഷാനുവും സപ്തറും ആർദ്രയും പാടിത്തിമർത്തപ്പോൾ അവരോടൊപ്പം ആടിയും കൂടെപ്പാടിയും തങ്ങളുടെ മികച്ച കഴിവുകൾ പുറത്തെടുത്തു കുട്ടികൾ. മുകൾ നിലയിൽ പ്രാതലും ഉച്ച ഭക്ഷണവും രുചി മുകുളങ്ങളെ തൃപ്തിപ്പെടുത്തിയപ്പോൾ കൂടെ ശാന്ത ഗംഭീരമായ പാട്ടുകളുമായി ജയ്ഫിനും ജിക്സണും ഹൃദയതന്ത്രികളെ തൊട്ടുണർത്താനുണ്ടായിരുന്നു.കലാപക്കാരായും പാലാപള്ളിയും മാത്രമല്ല ദ്രുതവേഗത്തിലുള്ള ഓരോ പാട്ടിനുമൊപ്പം ചുണ്ടനക്കിയും നൃത്തം ചെയ്തും വിഭിന്നശേഷിക്കാരായ വിദ്യാർഥികളെല്ലാം തങ്ങൾ വ്യത്യസ്ത കഴിവുകളുള്ളവരാണെന്ന് വിളിച്ചു പറഞ്ഞു. ചലച്ചിത്ര താരങ്ങളെ അനുകരിച്ച് മിമിക്രി കളിക്കാനും കവിത ചൊല്ലാനും അവർ മിടുക്കുകാട്ടി. ക്രൂയിസ് ഷിപ്പിന്റെ ഡക്കിൽ നിന്നും കൺ നിറയെ കടലും കപ്പലും കണ്ടു.

നാല് മണിക്കൂർ നീണ്ട കടൽ യാത്രയ്ക്ക് റോട്ടറി ക്ലബ്ബിന്റെ പറവൂർ പ്രസിഡന്റ് ദിനിൽ കെ തമ്പി, കൊച്ചിൻ വെസ്റ്റ് പ്രസിഡന്റ് പ്രകാശ് അയ്യർ, ട്രൈസിറ്റി പസിഡന്റ് കിരൺ റോയ് പോത്തടി, റോസസ് പ്രൊജക്ട് സെക്രട്ടറി ബിബു പുന്നൂരാൻ, ചെയർമാൻ റോമി ലാൽ, ഡിസ്ട്രിക്ട് സെക്രട്ടറി പ്രദീപ് കെ പി എന്നിവർ നേതൃത്വം നൽകി.

# ട്രാൻസ്ജെൻഡർ കലോൽസവത്തിന് ഫെബ്രുവരി 17ന് തിരിതെളിയും

**തൃശൂർ:** സംസ്ഥാന ട്രാൻസ്ജെൻഡർ കലോത്സവം വർണ്ണപ്പകിട്ട് 2024 ന് ഫെബ്രുവരി 17ന് തൃശ്ശൂരിൽ തിരിതെളിയും. കലോത്സവത്തിന് എല്ലാ ഒരുക്കങ്ങളും പൂർത്തിയായി. ഫെബ്രുവരി 17, 18, 19 തീയതികളിലായി തൃശ്ശൂർ ടൗൺഹാൾ, എഴുത്തച്ഛൻ സമാജം ഹാൾ എന്നിവിടങ്ങളിലായി വിവിധ കലാപരിപാടികൾ അരങ്ങേറും. 17ന് വൈകിട്ട് നാലു മണിക്ക് വിദ്യാർഥി കോർണറിൽ നിന്നാരംഭിച്ച് ടൗൺഹാളിൽ എത്തിച്ചേരുന്ന ഘോഷയാത്രക്ക് പിന്നാലെ ഉദ്ഘാടനസമ്മേളനം ആരംഭിക്കും.

മന്ത്രി ബിന്ദു വർണ്ണപ്പകിട്ട് ഉദ്ഘാടനം ചെയ്യും. മന്ത്രിമാരായ കെ രാജൻ, കെ രാധാകൃഷ്ണൻ, പി ബാലചന്ദ്രൻഎംഎൽഎ, ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട്, നഗരസഭാ മേയർ തുടങ്ങിയവർ സന്നിഹിതരാവും.

ഏകദേശം വിവിധ ജില്ലകളിൽ നിന്നായി തിരഞ്ഞെടുക്കപ്പെട്ട 200 ട്രാൻസ്ജെൻഡർ വ്യക്തികൾ ഉദ്ഘാടനച്ചടങ്ങിനു ശേഷം കലാവിരുന്ന് സമ്മാനിക്കും. 18ന് രാവിലെ ഒമ്പതു മുതൽ വൈകിട്ട് ഏഴു വരെയും, 19ന് രാവിലെ ഒമ്പതു മുതൽ വൈകിട്ട് നാലു വരെയുമായിരിക്കും കലാവിരുന്ന്. 19ന് വൈകിട്ട് അഞ്ചു മണിക്കാണ് സമാപന സമ്മേളനം.

ഇന്ത്യയിൽ ആദ്യമായി ട്രാൻസ്ജെൻഡർ സമൂഹത്തിനുവേണ്ടി ട്രാൻസ്ജെൻഡർ നയം നടപ്പിലാക്കിയ സംസ്ഥാനമാണ് കേരളമെന്ന് ബിന്ദു വാർത്താ സമ്മേളനത്തിൽ പറഞ്ഞു. സംസ്ഥാനത്ത് സാമൂഹ്യനീതി വകുപ്പ് മുഖേന ട്രാൻസ്ജെൻഡർ വിഭാഗത്തിനായി നിരവധി ക്ഷേമ പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നു. ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് സമസ്ത മേഖലകളിലും പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനുതകുന്ന പ്രവർത്തനങ്ങളിലാണ് സാമൂഹ്യനീതി വകുപ്പ്. അതിന്റെ ഭാഗമായി, ട്രാൻസ്ജെൻഡർ വ്യക്തികളുടെ സാമൂഹ്യ പുന:സംയോജനത്തിന് ഉതകുന്ന വിധത്തിലാണ് വർണ്ണപ്പകിട്ട് ട്രാൻസ്ജെൻഡർ ഫെസ്റ്റ് വിഭാവനം ചെയ്തിരിക്കുന്നത്.

ട്രാൻസ്ജെൻഡർ വ്യക്തികളുടെ സർഗ്ഗവാസനയും കലാഭിരുചിയും പരിപോഷിപ്പിക്കുന്നതിനും, മുഖ്യധാരയിലേക്ക് അവരെ ഉയർത്തിക്കൊണ്ടുവരുന്നതിനും വേണ്ടി 'വർണ്ണപ്പകിട്ട്' എന്ന പേരിൽ ഇന്ത്യയിലെ ആദ്യ ട്രാൻസ്ജെൻഡർ കലോത്സവം 2019ൽ ആണ് ആദ്യമായി സംസ്ഥാനത്ത് ആരംഭിച്ചത്.

# ജനനം 1947 പ്രണയം തുടരുന്നു




ക്രയോൺസ് പിക്ചേഴ്സിന്റെ ബാനറിൽ അഭിജിത് അശോകൻ നിർമിച്ച് തിരക്കഥ എഴുതി സംവിധാനം ചെയ്ത 'ജനനം 1947 പ്രണയം തുടരുന്നു' എന്ന സിനിമയുടെ ഒഫീഷ്യൽ ട്രെയ്‌ലർ ലോഞ്ച് പത്തനാപുരം ഗാന്ധിഭവൻ ഇന്റർനാഷണൽ ട്രസ്റ്റിൽ നടന്നു. വൃദ്ധസദനത്തിന്റെ പശ്ചാത്തലത്തിൽ നടക്കുന്ന കഥ ആയതുകൊണ്ട് ആണ് തന്റെ സിനിമയുടെ ട്രയ്‌ലർ ലോഞ്ച് ചെയ്യുവാനായി ഗാന്ധിഭവൻ തിരഞ്ഞെടുക്കാൻ കാരണം എന്ന് ചിത്രത്തിന്റെ സംവിധായകൻ അഭിജിത് അശോകൻ പറഞ്ഞു.'തന്റെ സിനിമയിലെ കഥാപാത്രങ്ങൾ പോലെ തന്നെ ഗാന്ധിഭവനിൽ വാർദ്ധക്യത്തിലും ഒരുമിച്ചു കഴിയുന്ന രാജനെയും സുലോചനയെയും ആദരിച്ചു കൊണ്ടാണ് ഈ പ്രണയ ദിനത്തിൽ ചിത്രത്തിന്റെ ട്രയ്‌ലർ റിലീസ് ചെയ്തത്'.നിരവധി അംഗീകാരങ്ങൾ നേടിയ ചിത്രം ഉടൻ തിയേറ്ററുകളിലേക്കെത്തും. മക്കളാൽ ഉപേക്ഷിക്കപ്പെട്ടു ശിഷ്ടകാലം ഏതെങ്കിലും ഒരു വൃദ്ധസദനത്തിന്റെ മുറികളിൽ ഒതുങ്ങി കഴിയേണ്ടി വന്നിട്ടുള്ള അനേകം അച്ഛൻഅമ്മമാർക്ക് തന്റെ സിനിമയിലൂടെ, സമൂഹത്താൽ തിരസ്കരിക്കപ്പെട്ടുപോയ ഒരുപറ്റം ആളുകൾക്ക്, വാർദ്ധക്യം എന്നത് നമ്മളിലേക്ക് മാത്രമായി ഒതുങ്ങി കൂടാനുള്ള ഒരു സമയം അല്ല എന്നും മുന്നോട്ട് സന്തോഷത്തോടെ ജീവിക്കാനുള്ളതും ആണെന്ന ഓർമ്മപ്പെടുത്തൽ ആയിരിക്കും ഈ സിനിമ എന്നാണ് ട്രയ്‌ലർ സൂചിപ്പിക്കുന്നത്. ഗോവിന്ദ് വസന്ത ആണ് ചിത്രത്തിന്റെ സംഗീത സംവിധായകൻ.തിങ്ക് മ്യൂസിക് ആണ് ചിത്രത്തിന്റെ മ്യൂസിക് അവകാശം കരസ്ഥമാക്കിയത്.40 വർഷം ജൂനിയർ ആർട്ടിസ്റ്റ് ആയി മലയാള സിനിമയിലുള്ള കോഴിക്കോട് ജയരാജന്റെ ആദ്യ നായക വേഷം ആണ് 'ജനനം 1947 പ്രണയം തുടരുന്നു' എന്ന ചിത്രത്തിൽ. തമിഴിലെ പ്രശസ്ത നടിയും നർത്തകിയുമായ പത്മശ്രീ ലീല സാംസൺ ആണ് ചിത്രത്തിലെ നായിക. അനു സിതാര, ദീപക് പറമ്പോൾ, നോബി മാർക്കോസ്, ഇർഷാദ് അലി, പൗളി വത്സൻ, നന്ദൻ ഉണ്ണി, അംബി നീനാസം, സജാത് ബറൈറ്റ് എന്നിവർ ആണ് മറ്റു താരങ്ങൾ.പി ആർ ഓ പ്രതീഷ് ശേഖർ.




# ജയ് ഗണേഷ് ടീസർ

ഉണ്ണി മുകുന്ദൻ,മഹിമാ നമ്പ്യാർ എന്നിവരെ കേന്ദ്ര കഥാപാത്രങ്ങളാക്കി രഞ്ജിത്ത് ശങ്കർ തിരക്കഥയെഴുതി സംവിധാനം ചെയ്യുന്ന

" ജയ് ഗണേഷ് ' എന്നചിത്രത്തിന്റെ ഒഫീഷ്യൽ ടീസർ റിലീസായി.ഏപ്രിൽ പതിനൊന്നിന്പ്രദർശനത്തിനെത്തുന്ന ഈ ചിത്രത്തിൽ ജോമോൾ ഒരിടവേളക്ക് ശേഷം അഭിനയിക്കുന്നു.ഹരീഷ് പേരടി, അശോകൻ,രവീന്ദ്ര വിജയ്,നന്ദു തുടങ്ങിയവരാണ് മറ്റു പ്രമുഖ താരങ്ങൾ.

ഡ്രീംസ് എൻ ബിയോണ്ട്, ഉണ്ണിമുകുന്ദൻ ഫിലിംസ് എന്നീ ബാനറിൽ രഞ്ജിത്ത് ശങ്കർ, ഉണ്ണിമുകുന്ദൻ എന്നിവർ ചേർന്ന് നിർമ്മിക്കുന്ന ഈ ചിത്രത്തിന്റെ ഛായാഗ്രഹണം ചന്ദ്രു ശെൽവരാജ് നിർവ്വഹിക്കുന്നു.ബി കെ ഹരിനാരായണൻ,മനു മഞ്ജിത്ത്,വാണി മോഹൻ, രഞ്ജിത്ത് ശങ്കർ എന്നിവർ എഴുതിയ വരികൾക്ക് ശങ്കർ ശർമ്മ സംഗീതം പകരുന്നു.എഡിറ്റർസംഗീത് പ്രതാപ്.സൗണ്ട് ഡിസൈൻതപസ് നായ്ക്, പ്രൊഡക്ഷൻ കൺട്രോളർസജീവ് ചന്തിരൂർ,പ്രൊഡക്ഷൻ ഡിസൈനർസൂരജ് കുറവിലങ്ങാട്, മേക്കപ്പ്റോണക്സ് സേവ്യർ,കോസ്റ്റ്യൂംസ്‌വിപിൻ ദാസ്,സ്റ്റിൽസ് നവീൻ മുരളി,

ഡിസൈൻസ്ആന്റണി സ്റ്റീഫൻ,അസോസിയേറ്റ് ഡയറക്ടർഅനൂപ് മോഹൻ എസ്,ഡിഐലിജു പ്രഭാകർ,വിഎഫ്എക്സ്ഡിടിഎം,പ്രൊഡക്ഷൻ എക്സിക്യൂട്ടീവ്സഫി ആയൂർ, പ്രൊമോഷൻ കൺസൽട്ടന്റ്വിപിൻ കുമാർ,ടെൻ ജി മീഡിയ,പി ആർ ഒഎ എസ് ദിനേശ്.



# പേട്ടാറാപ്പ്

ഇലക്ട്രിഫയിങ് ഡാൻസുമായി തെന്നിന്ത്യൻ സിനിമ കീഴടക്കാൻ ഇന്ത്യൻ മൈക്കിൾ ജാക്സൺ പ്രഭുദേവ, കൂടെ കട്ടയ്ക്ക് മത്സരിച്ച് വേദികയും, പാട്ടും സംഘട്ടനവും ആട്ടവുമായി പേട്ടറാപ്പ് ഒരുങ്ങുന്നു. ജിബൂട്ടി, തേര് തുടങ്ങിയ മലയാള ചിത്രങ്ങൾക്ക് ശേഷം തമിഴിൽ എസ്. ജെ. സിനു സംവിധാനം ചെയ്യുന്ന കളർഫുൾ എന്റർറ്റൈനെർ ആണ് പേട്ടറാപ്പ്. സംഗീതത്തിന് കൂടുതൽ പ്രാധാന്യമുള്ള ചിത്രത്തിന് ഡി. ഇമ്മൻ സംഗീതം ഒരുക്കുന്നു. പത്തു ഗാനങ്ങളാണ് ചിത്രത്തിലുള്ളത്.

ബ്ലൂ ഹിൽ ഫിലിംസിന്റെ ബാനറിൽ ജോബി പി സാമാണ് ചിത്രം നിർമ്മിച്ചിരിക്കുന്നത്. പി.കെ. ദിനിലാണ് ചിത്രത്തിന്റെ കഥയും തിരക്കഥയും ഒരുക്കിയിരിക്കുന്നത്. ജിത്തു ദാമോദർ ആണ് ചിത്രത്തിന്റെ ഛായാഗ്രഹണം നിർവഹിക്കുന്നത്. എഡിറ്റിങ് : നിഷാദ് യൂസഫ്, ആർട്ട് ഡയറക്ടർ : എ. ആർ. മോഹൻ, പ്രൊഡക്ഷൻ കൺട്രോളർ: ആനന്ദ്.എസ്, ശശികുമാർ.എസ്, എക്സികുട്ടിവ് പ്രൊഡ്യൂസർ : റിയ.എസ്, വസ്ത്രാലങ്കാരം : അരുൺ മനോഹർ, മേക്കപ്പ് : അബ്ദുൽ റഹ്മാൻ, കൊറിയോഗ്രാഫി : ഭൂപതി രാജ, റോബർട്ട്, സ്റ്റണ്ട് : ദിനേശ് കാശി, വിക്കി മാസ്റ്റർ, ലിറിക്സ് : വിവേക് , മധൻ ഖാർഗി, വി എഫ് എക്സ് : എഫെക്റ്റ്സ് ആൻഡ് ലോജിക്സ് , ക്രിയേറ്റിവ് സപ്പോർട് : സഞ്ജയ് ഗസൽ, കോ ഡയറക്ടർ : അഞ്ജു വിജയ് , പി ആർ ആൻഡ് മാർക്കറ്റിങ് :പ്രതീഷ് ശേഖർ, ഡിസൈൻ : യെല്ലോ ടൂത്ത്, സ്റ്റിൽസ് : സായി സന്തോഷ്.



# ഉടുമ്പൻചോല വിഷൻ കട്ടപ്പനയിൽ

മാത്യു തോമസ്, ശ്രീനാഥ് ഭാസി,ചെമ്പൻ വിനോദ് ജോസ്,ഹസലി,ശ്രിന്ദ, ചൈതന്യ പ്രകാശ് എന്നിവരെ പ്രധാന കഥാപാത്രങ്ങളാക്കി സലാം ബുഖാരി സംവിധാനം ചെയ്യുന്ന'ഉടുമ്പൻചോല വിഷൻ 'എന്ന ചിത്രത്തിന്റെ ചിത്രീകരണം കട്ടപ്പനയിൽ ആരംഭിച്ചു.ദിലീഷ് പോത്തൻ,സിദ്ദിഖ്, അശോകൻ,

സുദേവ് നായർ,സുധി കോപ്പ,ഷഹീൻ സിദ്ദിഖ്,അഭിരാം രാധാകൃഷ്ണൻ,ശങ്കർ ഇന്ദുചൂഢൻ,ജിനു ജോസ്,മനു ജോസ്,അർജുൻ ഗണേഷ്,നീന കുറുപ്പ്,

ശ്രീയ,ജിജിന,അഞ്ജന, അപർണ്ണ തുടങ്ങിയവരാണ് മറ്റു പ്രമുഖ താരങ്ങൾ.എ ആന്റ് ആർ ലാബ് സ് ഇൻ അസോസിയേഷൻ വിത്ത് യൂബി പ്രൊഡക്ഷൻസിന്റെ ബാനറിൽ അഷർ അമീർ,റിയാസ് കെ മുഹമ്മദ്, സലാം ബുഖാരി എന്നിവർ ചേർന്ന് നിർമ്മിക്കുന്ന ഈ ചിത്രത്തിന്റെ ഛായാഗ്രഹണം

വിഷ്ണു തണ്ടാശ്ശേരി നിർവഹിക്കുന്നു.എഡിറ്റർവിവേക് ഹർഷൻ.നവാഗതനായ അലൻ റോഡ്ണി കഥ തിരക്കഥ സംഭാഷണമെഴുതുന്നു.വിനായക് ശശികുമാർ എഴുതിയ വരികൾക്ക് ഗോപി സുന്ദർ സംഗീതം പകരുന്നു.എക്സിക്യൂട്ടീവ് പ്രൊഡ്യൂസർനിയാസ്, ഷിഹാബുദ്ദീൻ പി എ,ലൈൻ പ്രൊഡ്യൂസർഷിറാസ് എം പി,സിയാദ് വി എച്ച്,പ്രൊഡക്ഷൻ കൺട്രോളർവിനോദ് ശേഖർ,കലപ്രശാന്ത് മാധവ്, മേക്കപ്പ്റോണക്സ് സേവ്യർ, വസ്ത്രാലങ്കാരംസമീറ സനീഷ്,സ്റ്റിൽസ്ഷിഹാർ അഷ്റഫ്,ചീഫ് അസോസിയേറ്റ് ഡയറക്ടർമനീഷ് ഭാർഗ്ഗവൻ, അസോസിയേറ്റ് ഡയറക്ടർപ്രവീൺ വിജയ്,പ്രകാശ് ആർ നായർ,കണ്ണൻ ടി ജി,അസിസ്റ്റന്റ് ഡയറക്ടർബിജു ഭാസ്കർ, തോമസ്സ്കുട്ടി രാജു, അജ്മൽ കെ ഹംസ,അഭിരാമി കെ ഉദയ്,രവീണ നാഥ് കെ എൽ,ക്രിയേറ്റീവ് കോൺട്രിബ്യൂഷൻജോർജ്ജ് സാൻഡിയഗോ,പ്രൊഡക്ഷൻ എക്സിക്യൂട്ടീവ്ആദർശ് സുന്ദർ,സൗണ്ട്‌വിക്കി,ആക്ഷൻസുപ്രീം സുന്ദർ, മാഫിയ ശശി,

പ്രൊഡക്ഷൻ മാനേജർധനേഷ്, പി ആർ ഒഎ എസ് ദിനേശ്.

# പവി കെയർ ടേക്കർ



ജനപ്രിയ നായകൻ ദിലീപിനെ നായകനാക്കി വിനീത് കുമാർ സംവിധാനം ചെയ്യുന്ന'പവി കെയർ ടേക്കർ'എന്ന ചിത്രത്തിന്റെ ടൈറ്റിൽ പോസ്റ്റർ റിലീസായി.അഞ്ചു പുതുമുഖ നായികമാരുള്ള ഈ ചിത്രത്തിൽ ജോണി ആന്റണി, രാധിക ശരത്കുമാർ, ധർമജൻ ബോൾഗാട്ടി, സ്ഫടികം ജോർജ് തുടങ്ങിയ പ്രമുഖ താരങ്ങളും അഭിനയിക്കുന്നു.ഗ്രാൻഡ് പ്രൊഡക്ഷൻസിന്റെ ബാനറിൽ ദിലീപ് നിർമ്മിക്കുന്ന ഈ തിരക്കഥ സംഭാഷണം, അരവിന്ദന്റെ അതിഥികൾക്ക് ശേഷം രാജേഷ് രാഘവൻ എഴുതുന്നു. ഛായാഗ്രഹകൻ സനു താഹിർ, എക്സിക്യൂട്ടീവ് പ്രൊഡ്യൂസർസ് അനൂപ് പത്മനാഭൻ, കെ. പി വ്യാസൻ.ഷിബു ചക്രവർത്തി, വിനായക് ശശികുമാർ എഴുതിയ വരികൾക്ക് കന്നഡയിലും മലയാളത്തിലും ഹിറ്റ്കൾ സമ്മാനിച്ച മിഥുൻ മുകുന്ദൻ സംഗീതം പകരുന്നു.എഡിറ്റർ ദീപു ജോസഫ്.പ്രൊജക്റ്റ് ഹെഡ് റോഷൻ ചിറ്റൂർ, പ്രൊഡക്ഷൻ ഡിസൈൻനിമേഷ് എം താനൂർ, പ്രൊഡക്ഷൻ കൺട്രോളർരഞ്ജിത് കരുണാകരൻ, കോസ്റ്റ്യൂംസ്സഖി എൽസ,മേക്കപ്പ് റോണെക്സ് സേവ്യർ, സൗണ്ട് ഡിസൈൻ ശ്രീജിത്ത് ശ്രീനിവാസൻ,സൗണ്ട് മിക്സിങ് അജിത് കെ ജോർജ്,സ്റ്റിൽസ്രാദാസ് മാത്തൂർ,ഡിസൈൻസ്യെല്ലോ ടൂത്, ഡിജിറ്റൽ മാർക്കറ്റിംഗ്സുജിത് ഗോവിന്ദൻ, കണ്ടെന്റ് ആന്റ് മാർക്കറ്റിംഗ് ഡിസൈൻ പപ്പെറ്റ് മീഡിയ,പി ആർ ഒഎ എസ് ദിനേശ്.

# റാണിപുരം സർവേ: 118 ഇനം പക്ഷികളെ കണ്ടെത്തി

**റാണിപുരം:** തുടർച്ചയായ നാലാം വർഷം നടത്തിയ റാണിപുരം സർവേയിൽ 118 ഇനം പക്ഷികളെ കണ്ടെത്തി. വനംവകുപ്പിന്റെയും റാണിപുരം വനസംരക്ഷണ സമിതി, കാസർ!കോട് ബേഡേഴ്സ് കൂട്ടായ്മ എന്നിവർ ചേർന്നാണു സർവേ നടത്തിയത്. റാണിപുരം മേഖലയിലാദ്യമായി മഞ്ഞച്ചിന്നൻ ഇലക്കുരുവിയെ (യെല്ലോ ബ്രോഡ് വാബ്ലർ) കണ്ടെത്തി.



റാണിപുരത്തെ 6 ഭാഗങ്ങളിൽ വിവിധ ടീമുകളായി നടത്തിയ സർവേയിൽ നാൽപതോളം പക്ഷിനിരീക്ഷകർ പങ്കെടുത്തു. ഡിഎഫ്ഒ കെ.അഷ്റഫ്, കാഞ്ഞങ്ങാട് റേഞ്ച് ഓഫിസർ ശ്രീജിത്ത് എന്നിവർ സർവവേയ്ക്കാവശ്യമായ നിർദേശങ്ങൾ നൽകി. റാണിപുരത്ത് ആകെ കണ്ടെത്തിയിട്ടുള്ളത് 171 പക്ഷിയിനങ്ങളെയാണ്. നീലഗിരി മരപ്രാവ്, ചെമ്പൻ എറിയാൻ, വയനാട് ലാഫിങ് ത്രഷ്, വലിയ പൊന്നി മരംകൊത്തി, കാക്ക മരംകൊത്തി തുടങ്ങിയ ഇനങ്ങളെ ഇത്തവണ സർവേയിൽ കണ്ടെത്തി.

ഡപ്യൂട്ടി റേഞ്ച് ഓഫിസർ കെ.ഇ.ബിജുമോൻ, പനത്തടി സെക്ഷൻ ഫോറസ്റ്റ് ഓഫിസർ ബി.സേസപ്പ, ബീറ്റ് ഫോറസ്റ്റ് ഓഫിസർ ശിഹാബുദ്ദീൻ, ടി.എം.സിനി, വന സംരക്ഷണ സമിതി പ്രസിഡന്റ് നിർമല മദുസൂദനൻ, വൈസ് പ്രസിഡന്റ് അരുൺ ജാനു, ട്രഷറർ കൃഷ്ണ കുമാർ, കാസർകോട് ബേഡേഴ്സിനെ പ്രതിനിധീകരിച്ച് രാജു കിദൂർ, ശ്യാംകുമാർ പുറവങ്കര, എം.ഹരീഷ് ബാബു, സി.ശ്രീകാന്ത്, മാക്സിം റോഡ്രിഗൂസ്, വരുൺ ശർമ, കെ.എം.അനൂപ ്തുടങ്ങിയവരും വനംവകുപ്പ് വാച്ചർമാരായ ശരത്, സിൽജോ, സെൽജോ, മനോജ്, രതീഷ്, മാധവൻ, കെ.സുരേഷ്, എങ്കപ്പു എന്നിവരും പങ്കെടുത്തു.

# പുഴയോര വിനോദ സഞ്ചാര വികസനത്തിന് അഞ്ച് കോടി

**മൂവാറ്റുപുഴ:** മൂവാറ്റുപുഴ നഗരസഭയ്ക്ക് പുഴയോര വിനോദ സഞ്ചാര വികസനത്തിന് അഞ്ച് കോടി അനുവദിച്ചു. കേന്ദ്ര സർക്കാരിൻറെ അമൃതം പദ്ധതിയിലുൾപ്പെടുത്തി അനുവദിച്ച തുക ഉപയോഗിച്ച് നഗരസഭ ഡ്രീംലാൻറ് പാർക്കിൽനിന്ന് തൊടുപുഴയാറിന് കുറുകെ പേട്ടയിലേക്ക് തൂക്കു പാലവും പേട്ട മുതൽ കച്ചേരിത്താഴം വരെ പുഴയോര നടപ്പാതയും നിർമിക്കുമെന്ന് നഗരസഭാഘ്യക്ഷൻ പി.പി. എൽദോസ് പറഞ്ഞു.

ഒരാഴ്ചക്കകം മണ്ണ് പരിശോധന പൂർത്തിയാക്കി ഡിപിആർ തയാറാക്കി സർക്കാരിന് സമർപ്പിക്കും. അംഗീകാരം ലഭിക്കുന്നതോടെ നിർമാണം ആരംഭിക്കും. നഗരസഭ പാർക്ക് പുഴയോരം വിനോദ സഞ്ചാര പദ്ധതിയുടെ ആദ്യ ഘട്ടമായാണ് തൂക്ക് പാലവും പുഴയോര നടപ്പാതയും നിർമിക്കുന്നത്. കേന്ദ്ര  സംസ്ഥാന സർക്കാരുകളുടേയും ടൂറിസം വികസന വകുപ്പിൻറെയും സഹായത്തോടെ വിപുലമായ വിനോദ സഞ്ചാര വികസനത്തിനാണ് നഗരസഭ ലക്ഷ്യമിടുന്നത്.

മൂന്നു പുഴകളുടെ സംഗമ കേന്ദ്രം എന്ന നിലയിൽ റിവർ ടൂറിസത്തിന് ആനന്ത സാധ്യതകളാണുള്ളത്. നഗരസഭ ഉടമസ്ഥതയിലുള്ള മൂവാറ്റുപുഴ ഡ്രീം ലാൻഡ് പാർക്കും പുഴയും നെഹ്റു ചിൽഡ്രൻസ് പാർക്കും ബന്ധിപ്പിച്ചാകും പദ്ധതി നടപ്പാക്കുക.

നഗര ഹൃദയഭാഗത്താണ് ഡ്രീംലാൻഡ് പാർക്ക് സ്ഥിതി ചെയ്യുന്നത്. നാലര ഏക്കർ വിസ്തൃതി വരുന്ന പാർക്കിൻറെ ഭൂരിഭാഗം പ്രദേശവും പ്രകൃതിദത്തമാണ്. പാറക്കെട്ടുകളും ഇല്ലിക്കാടുകൾ കുന്നുകളും മറ്റും അതുപോലെ നിലനിർത്തിയാണ് പാർക്ക് നിർമിച്ചിരിക്കുന്നത്.

നിലവിലുള്ള ഡ്രീംലാൻഡ് പാർക്കിനെ രണ്ടായി തിരിച്ച് ഒരു ഭാഗത്ത് വിനോദ സഞ്ചാരികൾക്ക് താമസിക്കുന്നതിനും വിശ്രമിക്കുന്നതിനുമുള്ള പാർപ്പിടസമുച്ചയങ്ങളും മറുഭാഗത്ത് പുഴയോട് ചേർന്ന് കുട്ടികളെയും മുതിർന്നവരെയും ആകർഷിക്കുന്ന തരത്തിലുള്ള പുതിയ റെയ്ഡുകൾ, ബോട്ടിംഗ്, കയാക്കിംഗ്, തൂക്കുപാലം, ഗ്ലാസ് പാലം, സീപ്ലെയിൻ എന്നിവയും ലക്ഷ്യമിടുന്നു.



# റബർതോട്ടങ്ങളിൽ ഇല കൊഴിഞ്ഞു തുടങ്ങി; ഉത്പാദനവും കുറഞ്ഞു

**നെന്മാറ:** വേനൽ ചൂട് കൂടിയതോടെ റബർ തോട്ടങ്ങളിൽ ഇല കൊഴിഞ്ഞു തുടങ്ങി. ഇല കൊഴിഞ്ഞതോടെ റബർ പാൽ ഉത്പാദനവും പകുതിയായി കുറഞ്ഞു. അതിരാവിലെയുള്ള മഞ്ഞിൻറെ സഹായത്തിലാണ് പകുതിയെങ്കിലും റബർ പാൽ കിട്ടുന്നതെന്ന് കർഷകനായ പ്രദീഷ് അബ്രഹാം കൂരൻതാഴത്തു പറഞ്ഞു.

പുതിയ തളിരിലകൾ വന്നിട്ടും ഉത്പാദനം കൂടാത്തതിനാൽ ചള്ള, കൽച്ചാടി മേഖലയിലെ ഒന്നും രണ്ടും വർഷമായി ടാപ്പിംഗ് ആരംഭിച്ച ചില കർഷകർ ടാപ്പിംഗ് നിർത്തിവച്ചു.

സാധാരണ മാർച്ച് അവസാനത്തോടെ നിർത്താറുള്ള ടാപ്പിംഗാണ് ഒന്നര മാസം മുമ്പ് അവസാനിപ്പിച്ചത്. ഉണങ്ങിയ ഇലകൾ തോട്ടങ്ങളിൽ നിരന്നു വീണു കിടക്കുന്നത് തീപിടിത്ത സാധ്യതയും വർധിപ്പിച്ചു.

ടാപ്പിംഗ് നടന്നുകൊണ്ടിരിക്കുന്ന വെട്ടുപട്ടകളിൽ മരങ്ങളുടെ ഇല കൊഴിഞ്ഞത് മൂലം ചൂടേറ്റ് ഉണക്കം തട്ടാതിരിക്കാൻ ചൈനാക്ലേ, ചുണ്ണാമ്പ് എന്നിവ അടിച്ച് സംരക്ഷണം നൽകുന്ന പ്രവർത്തനങ്ങളും റബർ കർഷകർ ആരംഭിച്ചു.

കഴിഞ്ഞ ജൂൺ, ജൂലൈ മാസങ്ങളിലെ മഴക്കുറവുമൂലം മരങ്ങൾ ആവശ്യത്തിന് വണ്ണം വെക്കാതെയും വേരുപടലം പടരുന്നതിനും തടസമുണ്ടായത് മുൻവർഷങ്ങളെ അപേക്ഷിച്ച് ഉത്പാദനത്തിലും കുറവുണ്ടായത് റബർ മേഖലക്ക് കനത്ത തിരിച്ചടിയായി.

